## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **2198** | **09.03.2018**-ൽ മറുപടിയ്ക്ക്

### പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടുന്നവർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ. എ. എൻ. ഷംസീർ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽ പ്പെട്ടുന്നവർക്ക് സാമ്പത്തികമായും മറ്റും ലഭിക്കേണ്ട ആനുകൂല്യങ്ങൾ അർഹത പ്പെട്ടവരുടെ കയ്യിൽ എത്തുന്നുണ്ട് എന്ന് ഉറപ്പ് വരുത്താൻ എന്തെല്ലാം കാര്യങ്ങൾ ആണ് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (എ) | പട്ടികജാതി വിഭാഗത്തിൽ പ്പെട്ടുന്നവരുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസ പരവുമായ ഉന്നമനത്തിന് വകുപ്പ് നടപ്പിലാക്കി വരുന്ന എല്ലാ വ്യക്തിഗതാനുകൂല്യ പദ്ധതികളും ജാതി സർട്ടിഫിക്കറ്റ് പരിശോധിച്ച് അർഹത ഉറപ്പുവരുത്തി നടപ്പിലാക്കി വരുന്നു. കൂടാതെ പട്ടികജാതി ക്കാർ താമസിക്കുന്ന പ്രദേശങ്ങളിൽ വൈദ്യുതീകരണം, റോഡ്, കുടിവെള്ള പദ്ധതി, മറ്റ് നിർമ്മാണ പ്രവർത്തികൾ എന്നിവ ഫീസിബിലിറ്റി പരിശോധിച്ച് ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസറുടെ ശുപാർശയോടെ നടപ്പിലാക്കി വരുന്നു. എല്ലാ വ്യക്തിഗത ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ടിലൂടെ വിതരണം ചെയ്യുന്നു. പട്ടികവർഗ്ഗക്കാർക്കായി ആവിഷ്കരിച്ച പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനും ആനുകൂല്യങ്ങൾ അർഹതപ്പെട്ടവരുടെ കൈയിൽ എത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും താഴെ പറയുന്ന നടപടികൾ വകുപ്പ് സ്വീകരിച്ചുവരുന്നു.<br>• പദ്ധതികൾക്ക് ഊരുകൂട്ടം നിർദ്ദേശിക്കുന്ന ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകി വരുന്നത്.<br>• സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികൾ അർഹതപ്പെട്ട പട്ടികവർഗ്ഗക്കാർക്ക് തന്നെ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി ജില്ലാ തലത്തിൽ പട്ടികവർഗ്ഗ മേഖലയിൽ ഏറ്റവും താഴെതട്ടിൽ പ്രവർത്തിച്ചു വരുന്ന പ്രൊമോട്ടർമാർ മുതൽ ജില്ലാ ഓഫീസർമാർ വരെ പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തി നായുള്ള പ്രവർത്തനങ്ങൾ നിർവ്വഹിച്ച് വരുന്നു.<br>• സർക്കാർ അധികാരത്തിൽ വന്നശേഷം |

| | | | | |
|---|---|---|---|---|
| | | | | പട്ടികവർഗ്ഗക്കാർക്ക് നിലവിലുള്ള എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും ബാങ്ക് അക്കൗണ്ടുകൾ വഴിയാണ് നൽകി വരുന്നത്.<br>• പട്ടികവർഗ്ഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുക അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് തന്നെ ചെലവഴിക്കുന്നുവെന്ന് കൃത്യമായി മോണിട്ടർ ചെയ്യുന്നതിന് ജില്ലാകളക്ടർ അദ്ധ്യക്ഷനായി സ്ഥലം എം.എൽ.എ-മാർ ഉൾപ്പെടുന്ന കമ്മിറ്റിയും ഡിസ്ട്രിക്ട് ഡെവലപ്പ്മെന്റ് കമ്മിറ്റിയും നിലവിലുണ്ട്. ഇതിനുപുറമേ സംസ്ഥാന തലത്തിൽ ബഹു. മന്ത്രിയുടെ അദ്ധ്യക്ഷതയിലും പദ്ധതി വിലയിരുത്തി വരുന്നു.<br>സ.ഉ.(സാധാ)നം. 1013/2012/പജപവവിവ തീയതി 17.07.2012 പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളായി രൂപീകരിച്ച കമ്മിറ്റി സംസ്ഥാന തലത്തിൽ പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ ജില്ലാ ഓഫീസർമാർ നേരിട്ടും ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാവികസന സമിതി യോഗവും വിലയിരുത്തി വരുന്നു. ഡയറക്ടറേറ്റിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു. |

സെക്ഷൻ ഓഫീസർ